പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2224 18.12.2012 -ലെ മറുപടി

ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര

**ചോദ്യം**

ശ്രീ. മുല്ലക്കര രത്നാകരൻ
" പി. തിലോത്തമൻ
" കെ. രാജു
" ഇ. കെ. വിജയൻ

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടൗൺ ടു ടൗൺ ഓർഡിനറി സർവ്വീസുകൾ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസ്സുകളിലും യഥാർത്ഥ നിരക്കിൽ നിന്നും ശരാശരി 19.73% തുക മാത്രം ഈടാക്കികൊണ്ട് വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്.<br>അന്ധർ, ബധിര-മൂകർ, വികലാംഗർ, ബുദ്ധിമാന്ദ്യമുള്ളവർ അവരെ അനുഗമിക്കുന്ന ഒരാൾ, ക്യാൻസർ രോഗികൾക്ക് ചികിൽ സാർത്ഥം ബന്ധപ്പെട്ട ആശുപത്രിയിലേക്ക് യാത്രചെയ്യുന്നതിന്, സെറിബ്രൽ പാൾസി രോഗബാധിതർ, സ്വതന്ത്ര്യ സമര സേനാനികൾ, അവരുടെ വിധവകൾ, പത്രപ്രവർത്തകർ, അർജ്ജുന-ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്ക്കാര ജേതാക്കൾ, എം.പി.മാർ, എം.എൽ.എ മാർ, മുൻ എം.എൽ.എ. മാർ, കെ.എസ്.ആർ.ടി.സി. യിൽ പ്രവർത്തിക്കുന്ന റെസിഡന്റ് ആഡിറ്റ് ഓഫീസിലെ ജീവനക്കാർ, കെ.എസ്. ആർ.ടി.സി. യിലെ അംഗീകൃത യൂണിയൻ ഭാരവാഹികൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ, പി.സി.ആർ.എ അംഗങ്ങൾ എന്നിവർക്കും യാത്രാ സൗജന്യം നൽകി വരുന്നു.<br>കോർപ്പറേഷനിൽ 12 വർഷ സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് സൂപ്പർ ഡീലക്സ് വരെയുള്ള എല്ലാത്തരം സർവ്വീസ്സുകളിലും യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്. 12 വർഷത്തിൽ കുറഞ്ഞ സേവന ദൈർഘ്യമുള്ള ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | | | നിയന്ത്രിതമായ ദൂരത്തിൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസ്സുകളിൽ ജോലിക്ക് എത്തുന്നതിന് താമസ സ്ഥലത്തു നിന്നും സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്.<br>കെ.എസ്.ആർ.ടി.സി. യിലെ സേവനത്തിൽ നിന്നും വിരമിച്ചവർക്ക് നിയമന്ത്രിതമായ ദൂരത്തിൽ ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്.<br>ഇതുകൂടാതെ, കെ.എസ്.ആർ.ടി.സി. യിലെ കാഷ്വൽ ലേബറൽ, എംപാനൽ ജീവനക്കാർ, ദിവസവേതനക്കാർ എന്നിവർക്കും ജോലിക്ക് ഹാജരാകുന്നതിനായി താമസ സ്ഥലത്തു നിന്നും ജോലി സ്ഥലത്തേയ്ക്ക് നിയന്ത്രിതമായ ദൂരത്തിൽ Duty Bound Check Pass അനുവദിച്ചിട്ടുണ്ട്. |
| (ബി) | ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രോഗികൾക്ക് സൗജന്യ പാസ്സ് അനുവദിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ; | (ബി) | അനുവദിച്ചിട്ടുണ്ട്.<br>23.05.2012 മുതൽ പാസ് അനുവദിച്ചു തുടങ്ങിയത്. കണക്ക് ലഭ്യമായി തുടങ്ങിയിട്ടില്ല. |
| (സി) | ക്യാൻസർ രോഗികൾക്ക് പാസ്സ് അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ചെലവ് വഹിക്കുന്നതിനുള്ള ചുമതല ആർക്കാണ്; വെളിപ്പെടുത്തുമോ; | (സി) | സർക്കാരിന്റെ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായി അനേക വിഭാഗങ്ങൾക്ക് പാസ് അനുവദിച്ച ഇനത്തിൽ കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നഷ്ടം കെ.എസ്.ആർ.ടി.സിയ്ക്ക് നേരിടേണ്ടി വന്നിട്ടുണ്ട്. 26.07.2012 –ൽ കൂടിയ കെ.എസ്.ആർ.ടി.സി. ഡയറക്ടർ ബോർഡ് യോഗം ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും മേൽ സൂചിപ്പിച്ച കാരണങ്ങൾ പരിഗണിച്ച് ഇതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം സമർപ്പിച്ച നിർദ്ദേശം [illegible] സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | വിവിധ വിഭാഗങ്ങൾക്ക് സൗജന്യ പാസ്സ് അനുവദിക്കുന്നതു മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതി മാസം എത്ര തുക നഷ്ടം വരുന്നുണ്ട്; ഇതിൽ എത്ര തുക കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭിക്കുന്നുണ്ട്; വിശദമാക്കുമോ? | (ഡി) | വിവിധ വിഭാഗങ്ങൾക്ക് പാസ് അനുവദിക്കുന്നത് മൂലം കെ.എസ്.ആർ.ടി.സി.ക്ക് പ്രതിവർഷം ഏകദേശം 92 കോടി രൂപ (പ്രതിമാസം 7.66 കോടി രൂപ) നഷ്ടം വരുന്നുണ്ട്. ഇത്തരത്തിൽ 2007-08 മുതൽ 2011-12 വരെയുള്ള കാലയളവിൽ കോർപ്പറേഷന് 416.22 കോടി രൂപ നഷ്ടം വന്നിട്ടുണ്ട്. |

Geetha

സെക്ഷൻ ഓഫീസർ